## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ :സുനിൽകുമാർ.സി.വി)

വിഷയം: തൊഴിൽ വകുപ്പ്- ഭരണ നിർവ്വഹണം-ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

സൂചന:

1) സർക്കാർ ഉത്തരവ് (സാധാ നം.1356/2021/തൊഴിൽ തീയതി 25.11.2021
2) ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ 10.01.2022-ഇതേ നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05.05.2021 തീയതിയിലെ ഇ(2)19634/2018 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ LCO-10327/2021/E2 തിരുവനന്തപുരം തീയതി: 22.01.2022**

---

കൊല്ലം ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.പ്രിയ.വിയ്ക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ കണ്ണൂർ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി വായന(1) പ്രകാരം അന്യത്രസേവനം ലഭിച്ചതുവഴി ഉണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്കുമാരിൽ സീനിയറായ കാസർഗോഡ് ജില്ലാ ലേബർ ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. ഗിരിജ.കെ.കെ യെ വായന(2) ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ ലേബർ ഓഫീസിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു.

മേൽ ജൂനിയർ സൂപ്രണ്ട് തസ്തതികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതുവഴി ഉണ്ടായ ഹെഡ് ക്ലാർക്ക് തസ്തികയിലെ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ 28(ബി)(ii)പ്രകാരം 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ടി സ്ഥാനകയറ്റ ഉത്തരവ് വായന (3) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05/05/2021 തീയതിയിലെ ഇ(2)19634/2016 നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.മായ എം.കെ<br>സീനിയർ ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, കൊല്ലം | ഹെഡ് ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്, കാസർഗോഡ് | കാസർഗോഡ് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജ.കെ.കെയ്ക്ക് ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകിയത് വഴി ഉണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

നിയന്താണാധികാരികൾ ടി ഉത്തരവ് അടിയന്തരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ടവർക്ക്(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-
1) പി.എ.റ്റു ലേബർ കമ്മീഷണർ
2) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, കോഴിക്കോട്
3) ജില്ലാ ലേബർ ഓഫീസർ, കൊല്ലം, കാസർഗോഡ്
4) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5) സീനിയർ സൂപ്രണ്ട്(ഇ)
6) ജൂനിയർ സൂപ്രണ്ട്(ഇ)
8) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്(ഇ)